(ഇ) മേൽപ്പടി സ്ഥാപനത്തിലെ ഹെഡ്മിസ്ട്രസ്സിന്റെഭരണ പരമായ കഴിവില്ലായ്മകൊണ്ട് ടി സ്ഥാപനം നശിച്ചു പോകുന്നതിനെ പ്പറ്റി അന്വേഷിച്ച് വേണ്ട നടപടികളും സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ മേട്രന്റെ തസ്തികയിലേക്ക് പി. എസ്. സി. മുഖേന നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇതിലേക്ക് നടപടികളും എടുത്തു വരികയാണ്.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) ഈ കാര്യം അന്വേഷിക്കുന്നതാണ്.

പ്രൈവറ്റ് കോളേജുകളിലെ അദ്ധ്യാപക നിയമനങ്ങൾക്ക് കോഴ വാങ്ങുന്നതായുള്ള പരാതി

696 [1017] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈവറ്റു മാനേജ്മെന്റിലുള്ള കോളേജുകളിൽ ഇപ്പോഴും അദ്ധ്യാപക നിയമനങ്ങൾക്ക് കോഴ വാങ്ങുന്നതായി ഗവൺമെന്റിന് വിവരം ലഭിച്ചിട്ടുണ്ടോ;

(ബി) കൊല്ലം എസ്. എൻ. കോളേജ് മാനേജ്മെന്റ് ബിരുദാനന്തര ബിരുദം നേടിയ ഒരു വനിതയെ 25,000 രൂപ കോഴ വാങ്ങി നിയമിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് കോളേജിലെ സ്റ്റാഫ് നിയമനത്തിൽ കോഴ വാങ്ങിയതായി ഒരു പരാതി ലഭിച്ചിട്ടുണ്ട്.

(ബി) ഇല്ല.

ചങ്ങമ്പുഴയുടെ മാതാവിന് പെൻഷൻ

697 [1018] ശ്രീ. പി. ബാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തരിച്ച കവി ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ മാതാവിന് പെൻഷൻ തുക അനുവദിക്കുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ അവരുടെ പേര് തെറ്റായി എഴുതിയതുകൊണ്ട് അനുവദിച്ച പെൻഷൻ തുക കൈപ്പറ്റാൻ കഴിയാതെ ഇവർ മരിച്ച വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിനു കാരണക്കാരായവരുടെ പേരിൽ എന്തു നടപടി സ്വീകരിച്ചെന്നു വ്യക്തമാക്കാമോ;

(ഡി) ചങ്ങമ്പുഴയുടെ വിധവയ്ക്ക് ഇനിയും പെൻഷൻ അനുവദിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) ഈ തുക ഏറ്റവും വേഗത്തിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ടായി.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അവരുടെ അപേക്ഷാഫോറത്തിൽ കൊടുത്തിരുന്ന മേൽവിലാസമാണ് ഉത്തരവിലും കൊടുത്തിരുന്നത്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) പ്രസ്തുത പദ്ധതിയുടെ ചട്ടങ്ങളനുസരിച്ച് കലാകാരന്റെയോ, സാഹിത്യകാരന്റെയോ ആശ്രിതർക്ക് ധനസഹായം നൽകാൻ വ്യവസ്ഥയില്ല. എന്നാൽ ചങ്ങമ്പുഴയുടെ അമ്മക്കും വള്ളത്തോളിന്റെ ഭാര്യക്കും പ്രത്യേക പരിഗണന നൽകിയാണ് പെൻഷൻ അനുവദിച്ചത്.

(ഇ) അർഹതയുള്ള ആശ്രിതർ ആവശ്യപ്പെടുകയാണെങ്കിൽ 1.8.78 മുതൽ മരണ ദിവസം വരെ അനുവദിക്കപ്പെട്ടിട്ടുള്ള തുക നൽകുവാൻ നടപടി സ്വീകരിക്കുന്നതാണ്.

ലാ കോളേജുകളിലെ ലക്ചറൻമാരുടെ തസ്തിക

698 [1020] ശ്രീ. പി. കെ. ചാത്തൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലാ കോളേജുകളിൽ ആകെ എത്ര ലക്ചറൻമാരുടെ തസ്തികകളാണ് ഉള്ളതെന്ന് പറയാമോ;

(ബി) ഈ തസ്തികകളിൽ ഹരിജനങ്ങൾ എത്ര പേർ ഇപ്പോൾ ഉണ്ട്;

(സി) ഇവിടെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയിട്ടുണ്ടോ;

(ഡി) 1979 ഏപ്രിൽ 1-ന് സംസ്ഥാനത്തെ ലാ കോളേജുകളിലാകെ എത്ര തസ്തികകൾ സ്ഥിരമായി ഒഴിവാകുമെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഫുൾ ടൈം ലക്ചറർ 21

പാർട്ട്ടൈം ലക്ചറർ 8

(ബി) ഒന്ന്.

(സി) ഉണ്ട്.

(ഡി) പ്രിൻസിപ്പാളിന്റെ ഒരു തസ്തികയും പാർട്ട് ടൈം ലക്ചറൻമാരുടെ രണ്ടു തസ്തികകളും ഒഴിവാകും.

വിദ്യാഭ്യാസ വകുപ്പിലെ ഡി. ഇ. ഒ., എ. ഇ. ഒ. മാർ

699 [1021] ശ്രീ. പി. എം. അബൂബേക്കർ:

ശ്രീ. കെ. പി. രാമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ എത്ര ഡി. ഇ. ഒ. മാരും എ. ഇ. ഒ. മാരും ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly